പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1302

06.03.2018 ൽ മറുപടിയ്ക്ക്

## തരിശായി കിടക്കുന്ന ഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. വി.എസ്. സുനിൽ കമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഭൂമി, ജലസ്രോതസ്സുകൾ എന്നിവ കൃഷിക്ക് ഉപയുക്തമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഭൂമിയിൽ നെല്ല്, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തരിശു നിലത്തിൽ നെൽകൃഷി ചെയ്യുന്നതിന് ഒന്നാം വർഷം 2500/-രൂപ/ ഹെക്ടർ രണ്ടാം വർഷം 5800/- രൂപ/ ഹെക്ടർ മൂന്നാം വർഷം 3750 രൂപ/ ഹെക്ടർ എന്ന നിരക്കിൽ കർഷകർക്ക് ധനസഹായം നൽകുന്നു. 2017-18 വർഷത്തിൽ 5600 ഹെക്ടർ തരിശു നിലത്തിൽ കൃഷി ചെയ്തു. തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനു കർഷകന് 3000 രൂപ/ ഹെക്ടർ, ഭൂവുടമയ്ക്ക് 5000 രൂപ/ ഹെക്ടർ എന്ന നിരക്കിൽ ധനസഹായം നൽകുന്നു. 2017-18 ൽ 1000 ഹെക്ടർ തരിശു പച്ചക്കറി കൃഷി ചെയ്യാൻ ലക്ഷ്യമിടുന്നു. 725 ഹെക്ടറിൽ ഇതുവരെ കൃഷി ചെയ്തു കഴിഞ്ഞു. കേന്ദ്ര സർക്കാർ പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിച്ച് കൃഷിക്കുള്ള ജലസേചനത്തിന് ഉപയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാതല പ്ലാനുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| ബി) | ആയതു സംബന്ധിച്ച് സർക്കാർ കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | ബി) | ഉണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ആണ് തരിശു ഭൂമിയുടെ കണക്കെടുപ്പ് നടത്തുന്നത്. പ്രസ്തുത വകുപ്പിന്റെ 2015-16 വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 55258 ഹെക്ടർ തരിശുഭൂമി നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളുടെയും കണക്ക് കൃഷി വകുപ്പിൽ ലഭ്യമല്ല. |

Mayal

**സെക്ഷൻ ഓഫീസർ**